


# വൃത്താന്തവാരം

കെ. ഐ. എ. ൽ. പി സ്കൂൾ കല്ലൻചിറ



കെ. ഐ. എ. ൽ. പി കല്ലൻചിറ

സ്കൂൾ വാർത്തകൾ

# ചങ്ങാതിക്കൊരു തൈ



ഹരിത കേരളം മിഷന്റെ ഭാഗമായി സ്കൂളിലേക്ക് 60 തൈകൾ ലഭിച്ചു. ഇത് കുട്ടികൾ പരസ്പരം കൈമാറി അവരുടെ സൗഹൃദവും ഒപ്പം പ്രകൃതിയും ഒരുമിച്ച് വളരട്ടെ എന്നതാണ് പദ്ധതിയുടെ ലക്ഷ്യം.ഞാവൽ പേരാ പ്ലാവ് തുടങ്ങിയ തൈകൾ ലഭിച്ചിരുന്നു. കുട്ടികൾക്ക് തൈകൾ നൽകുകയും അത് നട്ടുപരിപാലിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറഞ്ഞുകൊടുക്കുകയും ചെയ്തു.

Eco club

# കെ.ഐ.എ.എൽ.പി സ്കൂൾ
# കല്ലൻചിറ

# ചങ്ങാതിക്കൊരു തൈ



## ഹരിത കേരളം മിഷൻ




OFFICE
ഹരിത







ഹരിത കേരളം മിഷൻ, കേരളത്തിൽ ജലസമൃദ്ധിയും ശുചിത്വവും വീണ്ടെടുക്കുന്നതിനും സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കാലാവസ്ഥാ വ്യതിയാനം നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുന്നതിനുമായി സംസ്ഥാന സർക്കാർ ആരംഭിച്ച ഒരു ദൗത്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ജനകീയ പങ്കാളിത്തത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

## ഹരിത കേരളം മിഷന്റെ പ്രധാന ലക്ഷ്യങ്ങൾ ഇവയാണ്:

ജലസംരക്ഷണം, ജലസുരക്ഷ എന്നിവ ഉറപ്പാക്കുക.

ശുചിത്വവും മാലിന്യ സംസ്കരണവും മെച്ചപ്പെടുത്തുക.

സുരക്ഷിതമായ ഭക്ഷ്യവസ്തുക്കളുടെ ഉത്പാദനം വർദ്ധിപ്പിക്കുക.

കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുക.

# നേത്ര പരിശോധന നടത്തി



കാഴ്ചയെ ബാധിക്കുന്ന രോഗങ്ങൾ ഇന്ന് അനായാസം പെരുകിക്കൊണ്ടിരിക്കുകയാണ്. പ്രായഭേദമില്ലാതെ എല്ലാവർക്കും നേത്രരോഗം പിടിപെടാം. ജീവിതശൈലിൽ വന്ന മാറ്റങ്ങളും നേത്രരോഗ വർദ്ധനവിന് കാരണമായി.നേരത്തെ കണ്ടെത്തിയാൽ ഒരു പരിധിവരെ നേത്ര രോഗങ്ങൾക്ക് പരിഹാരം കാണാൻ നമുക്ക് സാധിക്കും. കുട്ടികളിലെ നേത്ര പ്രശ്നങ്ങൾകണ്ടുപിടിക്കുന്നതിനും, പരിഹരിക്കുന്നതിനും വേണ്ടി സ്കൂളിൽ നേത്ര പരിശോധന നടത്തി.മൊബൈൽ ഫോണിന്റെ അമിത ഉപയോഗം മൂലം കുട്ടികളിൽ ചെറുപ്പം മുതലേ കാഴ്ച കുറഞ്ഞുകൊണ്ടിരിക്കുന്നു ഈ സാഹചര്യത്തിൽ എല്ലാ വിദ്യാലയങ്ങളിലും നേത്ര പരിശോധന നടത്തിവരുന്നു.

# യോഗ പരിശീലനം



കുട്ടികൾക്കായി വിദ്യാലയത്തിൽ യോഗ പരിശീലനം ഒരുക്കി.യോഗ എന്നാൽ "ചേർച്ച" അല്ലെങ്കിൽ "യോജിപ്പ്" എന്നാണർത്ഥം. ഇത് ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും പരസ്പരം ബന്ധിപ്പിച്ച്, കുട്ടികളുടെ ശാരീരികവും മാനസികവും ആത്മീയവുമായ വളർച്ചയ്ക്കു സഹായിക്കുന്ന ഒരു പരിശീലനമാണ്. യോഗ എന്നത് വെറും ശാരീരിക വ്യായാമങ്ങൾ മാത്രമല്ല, അത് മനസ്സിനെയും ശരീരത്തെയും ആത്മാവിനെയും ഒരുമിപ്പിക്കുന്ന ഒരു ജീവിതശൈലികൂടിയാണ്



# ചൂട് ചൂട് ബിരിയാണി




കുട്ടികൾക്കായി രുചികരമായ ചിക്കൻ ബിരിയാണി ഒരുക്കി അധ്യാപകർ. കുട്ടികൾക്ക് ഏറെ പ്രിയപ്പെട്ട ഭക്ഷണമാണ് ബിരിയാണി ഇത് ഇടയ്ക്കിടെ നൽകാൻ അധ്യാപകർ ശ്രദ്ധിക്കാറുണ്ട്. കുട്ടികളുടെ പ്രിയപ്പെട്ട അറബി ടീച്ചറായ ഹസീന ടീച്ചർ ബിരിയാണി ഒരുക്കാൻ നേതൃത്വം നൽകി.





# ശുചിത്വ മിഷൻ സ്കൂൾ സന്ദർശിച്ചു



ശുചിത്വ മിഷൻ സ്കൂൾ സന്ദർശിച്ചു
കുട്ടികളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ
ഭാഗമായി എല്ലാ വിദ്യാലയങ്ങളും
ശുചിത്വമിഷൻ സന്ദർശനം
നടത്തിവരുകയാണ്. കെ.ഐ.എ. എൽ പി
സ്കൂൾ കല്ലൻചിറയിലും ശുചിത്വ മിഷൻ
എത്തുകയുണ്ടായി.
പരിശോധനയിൽ വിദ്യാലയം എല്ലാ
തരത്തിലും ശുചിത്വമുള്ളതാണെന്ന്
കണ്ടെത്തി.

# 7/8/25

# HAPPY BIRTHDAY




തൻസീർ
(നാലാം ക്ലാസ് )

STAY BLESSED AND STAY HAPPY❤️

# അസംബ്ലി ക്വിസ്സ് വിജയി



## സയാൻ അലി

രണ്ടാം ക്ലാസ്